**QP CODE** **Enrollment Number: ………………**

**M2012** **Name: ………………………………**

**MA DEGREE EXAMINATIONS, OCTOBER 2025**
**First Semester**
**M.A. Malayalam Language and Literature**
**M21ML02DC- ആധുനിക സമകാല കവിതാസാഹിത്യം**
**(Supplementary/Improvement)**
**(Common for 2022 & 2023 July Admissions)**

**Time: 3 Hours** **Max Marks: 70**

## സെക്ഷൻ എ

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം.**

1. "സന്തതം മിഹിരനാത്മ ശോഭയും
   സ്വന്തമാം മധു കൊതിച്ച വണ്ടിനും
   ചന്തമാർന്നരുളി നില്ക്കുമോമലേ
   ഹന്ത! ധന്യമിഹ നിന്റെ ജീവിതം"- കല്പനകളുടെ ഔചിത്യം പരിശോധിക്കുക.
2. "തിങ്ങിപ്പൊങ്ങും തമസ്സിൽ കടലൊരു കുടം പോലെ ഭൂചക്രവാളം"-ഈ വരികളിൽ തെളിയുന്ന ആശയം വിശദമാക്കുക.
3. 'നിത്യമേഘം' എന്ന കവിതയും കാളിദാസനും തമ്മിലുള്ള ബന്ധമെന്ത്? വിവരിക്കുക.
4. "വാളല്ലെൻ സമരായുധം ഝണഝണധ്വാനം മുഴക്കീടുവാനാളല്ലാ"- സന്ദർഭം ഏത്?
5. 'കുരുക്ഷേത്രം' എന്ന കവിത ആധുനികതയുടെ പ്രകടനമാണ്. ഈ പ്രസ്താവനയുടെ പ്രസക്തി എന്ത് ?
6. ബോധിവൃക്ഷചിത്രത്തിന് 'കൊച്ചിയിലെ വൃക്ഷങ്ങൾ'എന്ന കവിതയിലുള്ള പ്രാധാന്യം എന്ത് ?
7. ഉത്തരാധുനികകവിതകളുടെ സവിശേഷതകൾ എന്തെല്ലാം?
8. 'വെയിൽ തിന്നുന്ന പക്ഷി' എന്ന കവിതയുടെ രചനാപരമായ സവിശേഷതകൾ എന്തെല്ലാം?

**(2X5=10)**

## സെക്ഷൻ ബി

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതം**

9. മികച്ച പ്രണയകാവ്യങ്ങളിലൊന്നാണ് 'രമണൻ'. ഈ പ്രസ്താവനയോട് യോജിക്കുന്നുവോ? എന്തുകൊണ്ട്?
10. സംഭവപ്രധാനമെന്നതിനേക്കാൾ കഥാപാത്രപ്രധാനമായ കാവ്യമാണ് 'ശിഷ്യനും മകനും'. വിശദമാക്കുക.
11. കന്നിക്കൊയ്ത്തിലെ കാവ്യബിംബങ്ങൾ വിവരിക്കുക.
12. "ഞാനുമിതുപോലെ രാത്രിമഴ പോലെ"- സന്ദർഭവും ആശയവും വിശദമാക്കുക.
13. 'സംക്രമണം' എന്ന കവിതയിൽ രാഷ്ട്രീയധ്വനി ശക്തമായി കേൾക്കാം. എങ്ങനെയെല്ലാം? വിശദമാക്കുക
14. ഖണ്ഡകാവ്യപ്രസ്ഥാനത്തെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കുക
15. 'പഥികന്റെ പാട്ട്' എന്ന കവിതയിലെ മിസ്റ്റിക് തലങ്ങൾ വിലയിരുത്തുക.
16. 'ചന്ദ്രനോടൊപ്പം' എന്ന കവിതയുടെ പ്രമേയപരവും രചനാപരവുമായ സവിശേഷതകൾ എന്തെല്ലാം?
17. പാരഡി കവിതകളുടെ പ്രത്യേകതകൾ 'ദൈവപ്പാതി' എന്ന കവിതയിൽ എപ്രകാരം അവതരിപ്പിച്ചിരിക്കുന്നു?
18. സ്ത്രീപക്ഷകവിതകളുടെ സവിശേഷതകൾ എന്തെല്ലാം ?

**(5X6=30)**

## സെക്ഷൻ സി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പതിനഞ്ചു മാർക്ക് വീതം**

19. ഉത്തരാധുനികകവിതകളിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ പ്രധാന ഇതിവൃത്തമാണ്. ഉദാഹരണസഹിതം സമർത്ഥിക്കുക.
20. വയലാറിലെ വിപ്ലവബോധവും പൗരാണിക സംസ്കാര സ്വാധീനവും' സർഗ്ഗസംഗീതം' എന്ന കവിതയെ മുൻനിർത്തി വിശദീകരിക്കുക.
21. 'അന്ത:സംഘർഷത്തിന്റെ കവിതയാണ് നളിനി'. കാവ്യസന്ദർഭങ്ങളെ മുൻനിർത്തി വിശദീകരിക്കുക.
22. ആധുനികതയുടെ ഭാവുകത്വസവിശേഷതകൾ അയ്യപ്പപ്പണിക്കർ, കടമ്മനിട്ട, ആറ്റൂർ ,സച്ചിദാനന്ദൻ എന്നീ കവികളെ മുൻനിർത്തി വിവരിക്കുക.

**(15X2=30)**